# പ്രതികരണങ്ങൾ — 17



പ്രതികരണങ്ങൾ — 17
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Illustration from French magazine Le Tour du Monde, 1875 a painting.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## വി. സനിൽ: ശാസ്ത്രീയമായി മരിക്കേണ്ടതെങ്ങനെ?—കൊറോണയോടൊപ്പം

**ദാമോദർ പ്രസാദ്:** ട്രമ്പും ബോൽസണാരോവിനെ പോലെ ഒന്ന രണ്ടു അലവലാതികൾ ഒഴിച്ചാൽ മോഡി മുതൽ നമ്മുടെ പല ഭരണാധികാരികളും ഉദാത്തമായ മനുഷ്യ സ്നേഹത്തിൽ നിന്നാണ് ലോക്ക് ഡൗൺ പ്രഖ്യാപിച്ചത്. മരണത്തിന് മനുഷ്യനെ വിട്ടുകൊടുക്കില്ല എന്നതായിരുന്നു ഉറക്കെ പറഞ്ഞത്. മരണവുമായാണ് ആധുനിക ഭരണകൂടങ്ങൾ പോരാടിയത്. സാമ്പത്തികമല്ല മനുഷ്യന്റെ ജീവനാണ് പ്രധാനമെന്ന പ്രഖ്യാപിക്കപ്പെട്ടത്. ഇത് പ്രഖ്യാപിക്കുമ്പോൾ നമ്മൾ ഒരു രാഷ്ട്രമെന്ന നിലയിലും സംസ്ഥാനമെന്ന നിലയിലും സ്വയം എൻക്ലോസ് ചെയ്യുകയായിരുന്നു. പക്ഷേ, ഇന്ന് കോവിഡ് വ്യാപനം രൂക്ഷമാവുകയും സമ്പർക്കം വഴി പകർച്ച വല്ലാതെയാവുകയും മരണസംഖ്യ ഉയരുകയും ചെയ്യുന്ന സന്ദർഭത്തിൽ, മനുഷ്യ സ്നേഹത്തിനുമേൽ സാമ്പത്തിക യുക്തി തന്നെ മേൽക്കോയ്മ സ്ഥാപിച്ചിരിക്കുന്നു.

ഈയൊരു സന്ദർഭത്തിൽ കൂടിയാണ് വി. സനിലിന്റെ എഴുത്ത് വായിക്കുന്നത്.

അത്യാവശ്യം നല്ല മൂർച്ചയുള്ള ചിന്താപരമായ പ്രകോപനങ്ങളുണ്ടെങ്കിലും, സനിൽ ഇങ്ങനെയാണ് ലേഖനത്തിൽ ഒരിടത്തു പറയുന്നത്:

“ചുരുക്കത്തിൽ വൈദ്യനിരാസം ചികിത്സയും മരുന്നിനും പുറംതിരിഞ്ഞു നിൽക്കലല്ല, മറിച്ച് വ്യവസ്ഥാപിത ഗവേഷണ രീതി ശാസ്ത്രങ്ങളുടെ ഉറപ്പിനെ വേണ്ടെന്നുവെച്ച് വൈദ്യത്തിലെ അറിവിനോടും പ്രയോഗത്തോടും മൂല്യബദ്ധവും ജാഗ്രത്തുമായ പുതിയ ബന്ധം സ്ഥാപിക്കലാണ്”...

ഒരു മനുഷ്യനെ പോലും മരണത്തിലേക്ക് വിടാതെ രക്ഷിച്ചെടുക്കാനുള്ള ആധുനിക വൈദ്യത്തിന്റെ ആധുനിക ഭരണകൂടത്തിന്റെയും സദുദ്ദേശത്തെ വി. സനിൽ നിഷേധിക്കുന്നു.

എന്നാൽ ഈ അറിവ് എത്രമാത്രം ലഘൂകരിക്കപ്പെട്ടതാണെന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കാനുള്ള വിമുഖത പ്രകടമാണ് ആധുനിക വൈദ്യത്തിന്റെ പ്രയോക്താക്കളിൽ. പകരം പലപ്പോഴും ഭരണകൂടത്തിന്റെ ഭയം—ഭയപ്പെടുത്തൽ രീതികൾ തന്നെ അതിന്റെ ഔദ്യോഗിക വക്താക്കൾ അവലംബിച്ചിരുന്നത് നമ്മളെല്ലാം കണ്ടതാണ്.

എന്തായാലും, വി. സനലിന്റെ മൗലികമായ ചിന്തയെ ആതുര സേവന രംഗത്ത് പ്രവർത്തിക്കുന്നവർ എങ്ങനെ സമീപിക്കുന്നു എന്നറിയാനാണ് കൗതുകം.

ആതുര സേവനമെന്നത് കുറച്ചു വിശാലടിസ്ഥാനത്തിൽ കാണാവുന്നതാണ്. ആധുനികം മുതൽ പ്രാചീന വൈദ്യം വരെ അതിൽപ്പെടും.

പക്ഷേ, ആതുര സേവനത്തെ കോളനീകരിക്കാനുള്ള ശാസ്ത്രീയ ഉപാധികളായാണ് മോഡേൺ മെഡിസിനും അതിന്റെ വിശ്വാസികളായ പ്രയോക്താക്കളിൽ പലരും ഒരേ മട്ടിലുള്ള മീം (meme) എന്ന പോലെ പ്രതികരിച്ചു കണ്ടത്—വിമർശനങ്ങളോടും ഇതര ചികിത്സാരീതികളോടും.

അതുകൊണ്ട്, അതിന്റെ പ്രാക്ടീഷനേഴ്സിൽ തന്നെ ആരെങ്കിലും വൈദ്യശാസ്ത്ര സ്ഥാപനത്തിൽ നിന്നു വിമതശബ്ദമുയർത്തിയാൽ മത-ഗോത്ര വിഭാഗത്തിൽ പ്രകടമാകും വിധത്തിലുള്ള പെട്ടെന്നുള്ള ചുരുങ്ങലും—closing of rank and file—പറഞ്ഞയാളെ വിചാരണകൂടാതെ കുരിശലേറ്റാനുള്ള വ്യഗ്രതയും കണ്ടതാണ്. എന്നിട്ടും കുലംകുത്തികളായ ഡോക്ടർമാർ ഉണ്ടാകുന്നുവെന്നത് ആധുനിക വൈദ്യ പഠനത്തിൽ തന്നെ ധാർമ്മികതയുടെ ഒരുപാട്ട് അംശങ്ങൾ നിലനില്ക്കുന്നത് കൊണ്ടാകാം.

ആധുനിക വൈദ്യം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ അവർ ഉള്ളിലാക്കിയ അറിവിനെ വെച്ചുക്കൊണ്ട് കാര്യങ്ങൾ നിർവ്വഹിക്കുന്നു എന്നല്ലാതെ അവർ ശാസ്ത്രജ്ഞരല്ല. അവർ പുതിയൊരു ഗവേഷണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നില്ല. കോവിഡിന്റെ പ്രത്യേക സന്ദർഭത്തിൽ കാണുന്നത് അധികവും മെഡിക്കൽ അഡ്മിനിസ്ട്രേറ്റേഴ്സിനെയാണ്. അവർക്ക് വൈദ്യ ശാസ്ത്ര ബിരുദമുണ്ടന്നതല്ലാതെ അവർ ശാസ്ത്ര ഗവേഷണത്തിൽ തരിമ്പും ഏർപ്പെടുന്നില്ല. ഇവർ ആശുപത്രികളിൽ പോലും പോകുന്നില്ല. നല്ല മാനേജമെന്റ് സ്കില്ലുള്ള വ്യക്തിക്ക് ഭംഗിയായി, ഒരു പക്ഷേ, കുറച്ചു കൂടി കാര്യക്ഷമതയോടെ നിർവ്വഹിക്കാവുന്നതാണ്. മെഡിക്കൽ അഡ്മിനിസ്ട്രേഷനാണ് അപ്പോൾ കാര്യങ്ങളുടെ നടത്തിപ്പ് നിർണ്ണയിക്കുന്നത്. അതുകൊണ്ട്, ആതുര സേവനത്തിൽ പ്രധാനമായ കാരുണ്യം, അനുകമ്പ, സഹാനുഭൂതിക്ക് പകരം ഭരണകൂടത്തിന്റെ ആയുധമായ ഭയം-ഭയപ്പെടുത്തൽ-പിപ്പിടികാട്ടലെടുത്തു പ്രയോഗിക്കുന്നത്.

വ്യക്തിഗത മരണങ്ങളെയാണ് ആധുനിക വൈദ്യവും സവിശേഷമായി പരിഗണിക്കുന്നത്. ആധുനിക വൈദ്യം എന്നാൽ ഒരു വൈജ്ഞാനിക-പ്രയോഗങ്ങളുടെ സമുച്ചയമാണ്. പകർച്ചവ്യാധികളിലും മറ്റും സംഭവിക്കുന്ന കൂട്ടമരണങ്ങളുടെ മുമ്പിൽ ആധുനിക വൈദ്യം അതിന്റെ “ശാസ്ത്രീയത” യഥാർത്ഥത്തിൽ ഭരണ നിർവ്വഹണം പോലെയൊന്നായി മാറുകയാണ്.

ഭരണനിർവ്വഹണം ഇങ്ങനെ തന്നെ മാത്രമേ നടക്കുകയുള്ളൂ. തത്വചിന്തയിൽ ആശ്വസിപ്പിക്കുന്ന പോലെ മരണം ഒരു സാധ്യതയായി അംഗീകരിക്കാൻ പറ്റില്ല. പക്ഷേ, നമ്മൾ ഇവിടെ നേരിടുന്നത് പകർച്ചവ്യാധിയെയാണ്. അത് ആധുനിക വൈദ്യത്തിന്റെ മാത്രം പ്രശ്നമല്ലെന്ന് മനസ്സിലാക്കാനുള്ള വിനീതത്വം ആധുനികമായ ഏതോരു അറിവ് വ്യവസ്ഥയ്ക്കും വേണ്ടതാണ്. കാരണം, പ്രകൃതിയുടെ പ്രതിഭാസപരമായ പല ഘടകങ്ങളും വൈറസിന്റെ ഉത്ഭവം മുതൽ വ്യാപനം വരെയുള്ളതിൽ അടങ്ങിയിരിക്കുന്നു. അതിനു പകരം, വെള്ളാനകളുടെ നാട്ടിലെ സുലൈമാൻ ഡ്രൈവറിനെ അനുകരിച്ചു “ഞാനിപ്പോ ശരിയാക്കി തരാം” എന്നു അടിക്കടി വീരവാദം മുഴക്കേണ്ടതില്ല.

നമ്മളെല്ലാം ആശ്രയിക്കുക ആധുനിക വൈദ്യത്തെ തന്നെ അതിന്റെ പരിമിതികൾ അറിഞ്ഞുക്കൊണ്ടു തന്നെ...

ഭരണകൂടങ്ങളുടെയും ഭരണകർത്താക്കളുടെയും മനുഷ്യ സ്നേഹമോ അതിലും ഉദാരം.

പകർച്ചവ്യാധിയേക്കാൾ എളുപ്പത്തിൽ, കാര്യക്ഷമമായി തടയാൻ കഴിയുന്ന മരണങ്ങളും കൂട്ടമരണങ്ങളുമുണ്ട്. ഒരു മനുഷ്യനെ പോലും മരണത്തിന് വിട്ടുകൊടുക്കില്ല എന്നു പ്രഖ്യാപിക്കുക മാത്രമല്ല നടപ്പാക്കാനും പറ്റുന്നത്...

അത് വർഗീയ കലാപങ്ങളാണ്... രാഷ്ട്രീയ കൊലപാതകങ്ങളാണ്...

അപരസ്നേഹവും മനുഷ്യസ്നേഹവും എത്രയും ഉദാരമായ രീതിയിൽ പ്രകടമാക്കാൻ പറ്റുന്ന സന്ദർഭങ്ങൾ...

സദുദ്ദേശത്തെ നിഷേധിക്കുന്നു എന്നതുകൊണ്ട് പറയാൻ ശ്രമിച്ചത് ‘ശാസ്ത്രീയത’യുടെ പരിമിതി എന്ന അർത്ഥത്തിൽ...

മരണത്തെക്കുറിച്ച് രസകരമായ ഒരു സംഗതിയുള്ളത് മാർക്വേസിന്റെ ലൗ ഇൻ ടൈം ഓഫ് കോളറയിലാണ്.

രോഗ പ്രതിരോധത്തിനായി ജീവിതം സമർപ്പിച്ച ഡോ ഉർബിനോ പറന്നുപോയ തത്തയെ പിടിക്കാൻ മരത്തിന്റെ മണ്ടയിലേക്ക് പൊത്തി പിടിച്ചു കയറിയതായിരുന്നു. അവിടെ നിന്ന് താഴെ വീണാണ് മരിക്കുന്നത്. ആ മനുഷ്യന് ഒരിക്കലും അങ്ങനെ സംഭവിക്കരുതായിരുന്നു!!

## ടി. കെ. രാമചന്ദ്രൻ: വി. കെ. എൻ. ലോകത്തിന്റെ 'ആരിഫ എന്തൂഹ'

**കെ. സച്ചിദാനന്ദൻ:** ടി. കെ-യുടെ ഫാസിസ്റ്റ് വിരുദ്ധ ലേഖനങ്ങൾക്ക് മുഖവുര എഴുതുകയാണ്. പ്രസക്തമായി. ആ സൂക്ഷ്മതയും ജാഗ്രതയും തീർത്തും നഷ്ടമായ ഒരിടതുപക്ഷ തലമുറയോട് ആ സഹോദരൻ ദീർഘകാലം സംസാരിച്ചുകൊണ്ടിരിക്കും.

**കരുണാകരൻ:** പലരും പരീക്ഷിക്കുകയും വിജയിക്കുകയും നമ്മൾ രസിക്കുകയും ചെയ്യുന്ന 'ഫ്യൂഷൻ' സംഗീതം കേൾക്കുന്നത് കുറെ പേർക്ക് ഇഷ്ടമാണ്. അതിലെ ജനപ്രിയത അംഗീകരിക്കപ്പെട്ടതാണ്: ലോകം നിങ്ങളെ അർഹമായ ഒച്ചയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു എന്ന് വിചാരിക്കത്തക്കവിധം. എന്നാൽ, സംഗീതത്തെ ഇഷ്ടപ്പെടുന്ന ചിലർക്കെങ്കിലും 'ഫ്യൂഷൻ' വിപ്രതിപത്തിയ്ക്ക് കാരണമാവാറുണ്ട്. പല കാരണങ്ങൾകൊണ്ട്. അങ്ങനെ ഒരു വിപ്രതിപത്തി വി. കെ. എന്നിന്റെ ഒട്ടുമിക്ക എഴുത്തിനോടും ആ സാഹിത്യ സമീപനത്തോട് പൊതുവെ ഉള്ള ഒരു "വള്ളുവനാട്ടുകാര"നാണ് ഞാൻ. അതിന്റെ രുചിയിലെ പ്രകടമായ ആൺ കാഴ്ച്ചകൊണ്ടല്ല; അതിലെ 'പദവിയും മാന്യതയും' നേടിയ നായർ നോട്ടംകൊണ്ടല്ല; അതിലെ ആവർത്തിക്കുന്ന ജീവിതചിട്ടകൾകൊണ്ടല്ല; മറിച്ച് തന്റെ സാഹിത്യമെഴുത്തിൽ വി. കെ. എൻ 'വിജയിപ്പിച്ചെടുത്ത' 'അധികാര വിമർശത്തിന്റെ ഫ്യൂഷൻ' കാരണം.

ടി. കെ. രാമചന്ദ്രൻ ഈ ലേഖനത്തിൽ ചർച്ചയ്ക്ക് എടുക്കുന്ന കഥകളും സന്ദർഭങ്ങളും നോക്കു: അവയിൽ ചരിത്രമെഴുത്തിന്റെ ഫ്യൂഷൻ കാണാം. വിദഗ്ധമായ ഒരു കഴിവിന്റെ (ഇവിടെ അത് ചരിത്രജ്ഞാനമാകാം) പരമാവധി ഉപയോഗമാണ് ഒരർത്ഥത്തിൽ ഫ്യൂഷൻ കൊണ്ട് സാധിക്കുന്നത്. 'ഹിറ്റ്ലറുടെ കൊച്ചനാണി'യിൽ ഉള്ളതുപോലെ. യൂറോപ്പിലെ അസുഖകരമായ ഒരു രാഷ്ട്രീയ സന്ദർഭത്തിലേക്ക്, അതിന്റെ കഠിനമായ ഓർമ്മയിലേക്ക് വി. കെ. എൻ. തന്റെ പ്രഖ്യാതമായ രുചിയുടെ ചേങ്ങില കലർത്തുന്നു: പിയാനോയിൽ വായിക്കുന്ന ഒരു മുഹൂർത്തം ചേങ്ങില ചേർത്ത് 'വിസ്തരിക്കുന്നു'.

വി. കെ. എന്നിന്റെ സാഹിത്യത്തിലെ അധികാര വിമർശത്തെ അതിലളിതമായാണ് നമ്മുടെ മധ്യവർത്തികളും മാർക്സിസ്റ്റ് വർത്തികളും സമീപിച്ചിട്ടുള്ളത്. ടി. കെ. രാമചന്ദ്രന്റെ സമീപനം അതിന്റെ ടിപ്പിക്കൽ ഉദാഹരണമാണ്. പരമ്പരാഗത (നവീന) മാർക്സിസ്റ്റ് ലാവണ്യസങ്കൽപ്പംകൊണ്ട് വി. കെ. എന്നിന്റെ അധികാര വിമർശത്തെ പ്രശംസിക്കുന്ന രാമചന്ദ്രനിൽനിന്ന് അകന്നു (നിന്നിരുന്നത്) നിൽക്കുന്നത് ഇന്ത്യയുടെ തന്നെ (പരിണമിക്കുന്ന) ജനാധിപത്യരാഷ്ട്രീയവും അധികാര ഘടനയും അതിലെ തന്നെ ജാതിയും വർണ്ണവും അടക്കമുള്ള അംശങ്ങളുമാണ്. ആ അകൽച്ച വി. കെ. എൻ. എഴുത്തിലും എന്തുമാത്രം പ്രകടമാണ് എന്ന് കഥകളിലെ ഉദ്ധരണികൾ വായിക്കുമ്പോൾ മനസ്സിലാവും. എത്രമാത്രം Textual ആണ് ഈ ലേഖനത്തിൽ തന്നെ രാമചന്ദ്രൻ! തന്റെ പ്രത്യയശാസ്ത്ര ബോധ്യങ്ങൾക്കുള്ളിൽ ജീവൻ നേടുക മാത്രമാണ് അപ്പോൾ വി. കെ. എന്നിന്റെ കഥകൾ.

വാസ്തവത്തിൽ ഇന്ത്യയുടെ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലെ രാഷ്ട്രീയ ചിത്രം സങ്കൽപ്പിച്ചുകൊണ്ട് നമ്മൾ ചർച്ച ചെയ്യുന്ന ഫാഷിസത്തെ കണ്ടു നോക്കു. മിക്ക രാഷ്ട്രീയ കക്ഷികളും ഫാഷിസത്തിനെതിരാണ്, ഇന്നത്തെ ഭരണകക്ഷിപോലും ജനാധിപത്യത്തെ കുറിച്ച് സംസാരിക്കുന്നു. എന്നാൽ, ഇവയുടെ ഒക്കെയും കാറ്റ് കളയുന്ന ഒരു സന്ദർഭം, ജനാധിപത്യത്തിനു വേണ്ടിയും ഫാഷിസത്തിനെതിരെയും സംഭവിക്കുന്നത്, ഈ കക്ഷികൾക്ക് പുറത്ത് നമ്മുടെ തന്നെ ജനാധിപത്യത്തിന്റെ ചില ഉറവകളെയും മൂല്യങ്ങളെയും ഓർമ്മിപ്പിക്കുന്ന പ്രക്ഷോഭങ്ങളിലാണ്—പൌരത്വ ഭേദഗതിയ്ക്ക് എതിരെ ഉണ്ടായ വിദ്യാർത്ഥി-യുവജന സമരങ്ങൾ പോലെ. ഇത്തരം അവസരങ്ങൾ സാഹിത്യത്തിനും നമ്മൾ നൽകണം. 'അധികാര'വും 'കാവി'യും നമ്മുടെ തന്നെ രാഷ്ട്രീയ രുചികളുടെ ഫ്യൂഷൻ ആഘോഷിക്കുന്ന മുഹൂർത്തങ്ങൾ നൽകുന്നു എന്ന് വരുമ്പോൾ വീണ്ടും ഒന്നു കൂടി ചെന്നു നോക്കണം, അല്ലെങ്കിൽ അത് നമ്മുടെ തന്നെ രാഷ്ട്രീയ പരിമിതിയാവാനും മതി. നമ്മുടെ പല നല്ല മാർക്സിസ്റ്റ് സൌന്ദര്യവിമർശകരിലും സംഭവിക്കുന്നപോലെ.

**ദാമോദർ പ്രസാദ്:** പൊട്ടിചിരിക്ക് മുമ്പുള്ള ഒരു സെക്കന്റ് ഫ്ലാഷ്—ഇ. പി. ഉണ്ണിയുടെ വി. കെ. എൻ വര പുറത്തേക്ക് വരും മുമ്പേയുള്ള ഉൾസ്ഫോടനത്തെയാണ് പിടിച്ചെടുത്തിരിക്കുന്നതെന്ന് തോന്നുന്നു...

**ഹബീബ് എം എച്ച്:** ടി. കെ. ഹാസ്യാത്മക ശൈലിയിലൂടെ തന്നെ വി. കെ. എന്നിന്റെ സാമൂഹിക പ്രതിബദ്ധതയെ അടയാളപ്പെടുത്തുന്നു. അഡോണയുടെയും ഗ്രാംഷിയുടെയും ലൂകാച്ചിന്റെയുമൊക്കെ ചിന്തകൾ സഗൗരവം പറയുകയും എഴുതുകയും ചെയ്യുന്ന ടി. കെ., ഇവിടെ തന്റെ ശബ്ദത്തിന്റെ മാധുര്യവും വശ്യമായ പുഞ്ചിരിയും കൂടി നമ്മെ ഓർമ്മിപ്പിക്കുന്നു.

**കെ. സച്ചിദാനന്ദൻ:** ഇതിനു മുമ്പ് ഇത് പരീക്ഷിച്ച ഒരിടതുപക്ഷക്കാരനുണ്ടായിരുന്നു, കുഞ്ചൻ നമ്പ്യാർ എന്നായിരുന്നു നാമധേയം, കലക്കത്ത് എന്നു വീട്ടു പേർ വന്നത് ഫ്യൂഷൻ പരീക്ഷിച്ചതുകൊണ്ടാകാം. അതോ ഇതൊരു കൺഫ്യൂഷൻ മാത്രമാവുമോ? ശിവ ശിവ!

**കരുണാകരൻ:** ഹഹഹ! സച്ചിയുടെ കമ്മന്റ് മറ്റൊന്ന് ഓർമ്മിപ്പിച്ചു: തുഞ്ചനും കുഞ്ചനും എന്ന് വേർപിരിച്ച് പറഞ്ഞ് "ഹാസ്യത്തിന്റെ പ്രകാശഗോപുരം" എന്ന് വി. കെ. എന്നിനെ 'പരിചയപ്പെടുത്തുന്ന' നിരൂപണങ്ങൾ. എന്ത് എളുപ്പം! ഒരു ഹൈവേയിലെ രണ്ടു ബോർഡുകൾ വായിച്ച് ഒരൊറ്റ 'മണ്ണി'ന്നെ എന്ന് യാത്രാകുറിപ്പ് ഉണ്ടാക്കലാണത്. കലക്കത്തെ ആദ്യത്തെ പാർട്ടി മെമ്പറും നമ്പ്യാർ ആയിരുന്നുവെന്ന് ഇനി ഈ ഹൈവേയിൽ നിന്നും ഒരു ഉരസി ഇറങ്ങലും ഉണ്ടാവുമോ! ശിവ! ശിവ!

**കെ. സച്ചിദാനന്ദൻ:** ഞാൻ പറഞ്ഞത് മനസ്സിലാക്കാനുള്ള ഒരു ശ്രമം പോലും ഉണ്ടായില്ലെന്നത് ഒന്നുകിൽ ബോധപൂർവ്വമാകാം, അല്ലെങ്കിൽ നമ്പ്യാരെ വായിക്കാത്തതിനാലാകാം. നമ്പ്യാർ കൃത്യമായും ഈ ഫ്യൂഷൻ വി. കെ. എന്നിനും മുമ്പേ പരീക്ഷിച്ചയാളാണ്. അദ്ദേഹത്തിന്റെ ലോകത്ത് ദൈവങ്ങളും മനുഷ്യരും ഇടകലരുന്നു, പുരാണാഖ്യാനങ്ങളിൽ നായരും പട്ടരും നമ്പൂരിയും കടന്നു വരുന്നു. രണ്ടു ലോകങ്ങളുടെ fusion-ലൂടെയുള്ള ഈ deliberate sacrilege ആണ് നമ്പ്യാരും വി. കെ. എന്നും തമ്മിലുള്ള താരതമ്യത്തിന്റെ അടിത്തറ, സാമാന്യവത്കരണമല്ല.

**Muraleedharan Ramakrishana:** I write this as a sentimental fool. In a way, I am still that.

Back in 1979, I was a student in the then REC Calicut—there was a seminar in which, if I remember correctly, T. K., Sachi, John Abraham and Prem Nazir were invited speakers.

It was the hey days of post emergency political mobilization.

T. K. remains in my mind as someone who said "the language of symbolism arises when freedom is curtailed". I was a nineteen year old carried away by that... now a sixty one year old reminiscing that.

We need not be sentimental, but by all means, don't be sacrilegious.

**ദാമോദർ പ്രസാദ്:** ഫ്യൂഷൻ എന്നുവച്ചാൽ വി. കെ. എന്നിൽ ടി. കെ. യെയും ടി. കെ.യിൽ വി. കെ. എന്നിനെയും കാണാമെന്ന്.

ടി. കെ.യെ അടുത്തുപരിചയമുള്ളവർക്ക് അറിയാം ടി. കെ. യുടെ ഫലിതബോധം. ഉഗ്രൻ തമാശകൾ അടിച്ചിരുന്നു. ഉറക്കെ ചിരിക്കുകയും ചെയ്തിരുന്നു. അത്യാവശ്യം നല്ല ഗോസിപ്പും പറഞ്ഞിരുന്നുവെന്നതാണ്, അതും പ്രത്യേകിച്ച് സാംസ്കാരിക നായകരെക്കുറിച്ചും, സൈദ്ധാന്തികരെക്കുറിച്ചും.

അതുമാത്രമല്ല, വി. കെ. എന്നുമായി ഫാഷിസറ്റവല്ക്കരണത്തെപ്പറ്റി ടി. കെ. ഒരേ ആകുലതകളും സന്ദേഹങ്ങളും പങ്കിട്ടിരുന്നു.

വി. കെ. എന്നും ടി. കെ.യും ഹിന്ദു വർഗീയതയോടും, അതിന്റെ അദ്ധ്യാത്മികമെന്നു തോന്നിപ്പിക്കുന്ന വ്യാജ പ്രതീതികളോടും പ്രതീകങ്ങളോടും കർക്കശമായ രീതിയിൽ തന്നെ വിദ്ധ്വംസകതയോടെ എതിരിട്ടിരുന്നു.

സ്ഥാനമോഹങ്ങൾ—തെല്ലും രണ്ടു പേരേയും ഏശിയിരുന്നില്ല എന്നതുക്കൊണ്ട് അധികാര വിമർശനത്തിൽ അമാന്തപ്പെട്ടിട്ടില്ല.

ഒരു പ്രത്യേകത്തരം ക്രൂസലില്ലായ്മ ടി. കെ.യിലും വി. കെ. എന്നിലും ഉണ്ടായിരുന്നുവെന്നു തോന്നുന്നു. ലഹരിക്കമ്പമാണത്. അതിനെക്കുറിച്ച് കൂടുതൽ അറിയില്ല.

രണ്ടുപേർക്കും ആരാധക വൃന്ദമുണ്ടായിരുന്നു. ടി. കെ. അത് ആസ്വദിച്ചിരുന്നു എന്ന് വ്യക്തം. പല ആരാധകന്മാരും ആന ബോറന്മാരായിരുന്നിട്ടും സഹിച്ചത് ആരാധകർക്ക് പ്രത്യേക മൂല്യം കല്പിച്ചതുക്കൊണ്ടാകണം. ആരാധകരിൽ ചിലരെങ്കിലും ചൂഷണം ചെയാനും ഒരു മടിയുമില്ലാത്തവരാണ്.

സ്വന്തമായൊരു ആരാധകവൃന്ദത്തെ തീറ്റിപോറ്റുക എന്നത് അബ്കാരി മുതലാളിമാർ ഗുണ്ടകളെ മധുശാലയുടെ നിലനില്പിനായി നിലനിർത്തുന്നതുപോലെ വലുതും ചെറുതും വളർച്ച പ്രാപിക്കുന്നതുമായ സാംസ്കാരിക കോനാതിരിമാരും ചെയ്തുവരുന്നു. ഇവരെ ഇറക്കിയാണ് സോഷ്യൽ മിഡീയ റെയ്ഞ്ച് ലേലത്തിൽ പിടിക്കുന്നത്!

പക്ഷേ, ടി. കെ.യും വി. കെ. എന്നും അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. അവരുടെ കൈയിൽ ശരിക്കുള്ള കോപ്പുണ്ടായിരുന്നു.

ടി. കെ. ഫ്രാങ്ക്ഫർട്ട് പണ്ഡിതരെ ഉദ്ധരിച്ചിട്ടുണ്ടെങ്കിൽ, ക്വട്ടേഷൻ ഭാരമായിട്ടല്ല, വായിച്ചറിഞ്ഞും ആലോചിച്ചതിനും ശേഷമാണ്. അതായിരുന്നു ടി. കെ.യുടെ ക്രിട്ടിക്കൽ ലെഫ്റ്റ് സ്കോളർഷിപ്പ്. അഡോണോ ഒരു ക്വട്ടേഷനല്ല, ഉള്ളിലുണ്ടായിരുന്നു.

വി. കെ. എന്നിലോ—മലയാളത്തിൽ ഇത്രമാത്രം ആഴത്തിൽ ലോകചരിത്രത്തെ മനസ്സിലാക്കിയ വേറെയെഴുത്തുകാരൻ ആരായിരിക്കും... ചരിത്രം മാത്രമല്ല ഭൂഭാഗവിശദീകരണവും കൃത്യം മനസ്സിലാക്കിയിരുന്നു എന്നു വേണം മനസ്സിലാക്കാൻ.

വി. കെ. എന്നിന്റെ അധികാര വിമർശനം ഈയൊരു ചരിത്രജ്ഞാനത്തിൽ നിന്നു വരുന്നതാണ്...

**ഹബീബ് എം എച്ച്:** കിഴക്കൻ യൂറോപ്പും സോവിയറ്റ് യൂണിയനും തകർന്നടിഞ്ഞിട്ടും ടി. കെ. ഒന്ന് കുലുങ്ങിയത് പോലും ഇല്ല. എല്ലാം താല്ക്കാലികം എന്നാണ് ടി. കെ. പറഞ്ഞത്.

## സാബു ഹരിഹരൻ: മൂന്നാമത്തെ കഥ

**കെ. സച്ചിദാനന്ദൻ:** സാബുവിന്റെ കഥ അഥവാ കഥയുടെ കഥ നന്നായി. വിനയകുനിയൻ നല്ല പ്രയോഗം. ആ വംശം വർദ്ധിച്ചു വരുന്നു.

**അജേഷ് കടന്നപ്പള്ളി:** സമൂഹം എന്ന മോർച്ചറി.

'ജീവിതത്തിന്റെ നേർക്കാഴ്ചകൾ വിരസവും സാധാരണവുമാണ്' എന്ന ഡയറിക്കുറിപ്പോടെ അവസാനിപ്പിക്കുന്ന മൂന്നാമത്തെ കഥ എന്ന സാബു ഹരിഹരന്റെ കഥ വായിച്ചു. തികച്ചും സ്വാഭാവികമായ രീതിയിൽ ആരംഭിച്ച കഥ അസാധാരണമായ രീതിയിൽ വികസിച്ച് തികച്ചും സ്വാഭാവികമായ മനുഷ്യജീവിതത്തിന്റെ ഗതിവിഗതികളെ വിവരിച്ച് അവസാനിക്കുന്നു. കുടുംബവും സമൂഹവും കഥയെഴുത്തുകാരനും മോർച്ചറി പോലെ തണുത്തുറഞ്ഞു കിടക്കുന്നത് എത്ര സ്വാഭാവികമായാണ് കഥാകൃത്ത് കഥയിൽ രൂപപ്പെടുത്തിയത്! കഥ പോലെ സംഭവിക്കുന്ന വാർത്തകൾ. നാം രൂപപ്പെടുത്തിയെടുത്തതിരക്കുകൾ; അതിൽത്തന്നെ സ്വയം ഞെരിഞ്ഞമരുന്ന നമ്മൾ. സാബു ഹരിഹരന് അഭിനന്ദനങ്ങൾ...

**കുട്ടീസ്:** നല്ല കഥ.

**അഭിമന്യു:** സാബു ഹരിഹരന്റെ കഥ വായിച്ചു അവസാനമായപ്പോൾ മോർച്ചറിയിൽ മരിച്ചു കിടന്നതു മനോജ്കുമാറല്ല അത് ഞാനായിരുന്നു എന്ന് വെറുതെയെങ്കിലും തോന്നി...

## കരുണാകരൻ: ചന്ദ്രലേഖ

**ലിസി മാത്യു:** കരുണാകരന്റെ ‘ചന്ദ്രലേഖ’ മുറിവിലെ ഔഷധലേപനംപോലെ ആശ്വാസം നല്കുന്ന അനുഭവമായി. ഭാരതി കാമാട്ടിപുരയിലെ വൃദ്ധയായ വേശ്യയെ ‘അവൾ’ എന്നല്ല ‘അവർ’ എന്നേ പറയാവൂ എന്നു മകന് നൽകുന്ന നിർദ്ദേശം ഈ കഥയുടെ താക്കോൽ വാക്കാണ്. തേവിടിശ്ശിയായാലും കുലസ്ത്രീയായാലും പ്രായമുള്ളവരെ ബഹുമാനിക്കണമെന്ന തിരിച്ചറിവ് വേറിട്ട അനുഭവമായി മാറുന്നു. ‘കുന്നുമ്മൽ ശാന്തയുടെ വീട്ടിലേക്കുള്ള ഒളിച്ചുപോക്ക്’ പൗരുഷത്തിന്റെ ചാനൽ വെളിച്ചമായി ചിതറിത്തെറിക്കുന്ന ഇക്കാലത്ത് അവമതിയും അവഹേളനവും ഏൽക്കേണ്ടിവരുന്ന സ്ത്രീജന്മങ്ങൾക്കുള്ള ആദരവു കൂടിയാണ് ഭാരതി നല്കുന്നത്. കുന്നുമ്മൽ ശാന്തയെ ആഘോഷിക്കുന്നവർക്ക് ചന്ദ്രലേഖയിൽനിന്ന് ഭാരതിയിലേക്കുള്ള അകലം മനസ്സിലാവില്ല. മിനാറിന്റെ കുമ്പസാരപ്പെയ്ത്തിൽ അയാളുടെ യൗവനകാലത്തെ നിശ്ചയദാർഢ്യത്തിന്റെയും പക്വതയുടെയും കരുത്തുണ്ട്. നന്മയുടെയും സ്നേഹത്തിന്റെയും ആഴം ഭാരതിയുടെ സ്പർശനത്തിൽ അയാൾ അനുഭവിക്കുന്നു. മറ്റൊന്നും പറയാനില്ല.

നന്മവെളിച്ചത്തിൽ കണ്ണുനിറയുന്നു.

**ഇ. മാധവൻ:** വളരെ ഹൃദയസ്പർശിയും ചിന്തിപ്പിക്കുന്നതുമായ കഥ. ചന്ദ്രലേഖ ഇഷ്ടപ്പെട്ടതു കാരണം മാത്രം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിരുന്നു. മനോഹരമായ ഈ കഥ ഇവിടെ വായിക്കാൻ സാധിച്ചതിൽ സന്തോഷിക്കുന്നു.

**കെ. സച്ചിദാനന്ദൻ:** ചന്ദ്രലേഖ വീണ്ടും വായിക്കുമ്പോഴും ആദ്യം വായിച്ചപോലെ ഞാൻ തേങ്ങുന്നു. ഇയ്യിടെ വിജയന്റെ തലമുറയ്ക്കു ശേഷം താങ്കൾക്ക് പ്രിയപ്പെട്ട മൂന്നു ചെറുകഥാകൃത്തുകളുടെ പേരു പറയാമോ എന്നു ചോദിച്ച അഭിമുഖകാരിയോട് ഞാൻ പറഞ്ഞു, മേതിൽ രാധാകൃഷ്ണൻ, എൻ. എസ്. മാധവൻ, കരുണാകരൻ. അഞ്ച് എന്നു ചോദിച്ചാൽ ഞാൻ രണ്ടു പേരുകൾ കൂടി ചേർക്കുമായിരുന്നു. ഏഴോ ഒൻപതോ വരെ പട്ടിക വളർത്താനും കഴിയും. പക്ഷേ, ഈ മൂന്നു തന്നെയാവും ആദ്യം—ആദ്യത്തെ രണ്ടു പേരുടെയും നല്ല കഥകൾ ഓർമ്മ മാത്രമായെങ്കിലും. കരുണാകരൻ എന്റെ ഏറ്റവും പ്രിയങ്കരരായ കവികളിലും ഒരാളാണ്—അഥവാ കവിതയും കഥയും നാം കരുതുന്നത്ര ഒന്നിനോടൊന്ന് അകലെയാണോ, മിനാർ? കത്തും?

**ദാമോദർ പ്രസാദ്:** സച്ചി മാഷ്ടെ അഞ്ചുപേരുടെ ലിസ്റ്റ് അപൂർണ്ണം. മൂന്നു പേരെ മാത്രമേ മാഷ് റാങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി രണ്ടു പേർ ബ്ലൈൻഡ് സ്പോട്ടിൽ നില്ക്കുകയാണ്. മാധവാനന്തര, മേതിലാനന്തര തലമുറയിൽപെട്ടവരാണെങ്കിൽ അവർക്ക് അത് സായൂജ്യമാകുമായിരുന്നു. മലയാളത്തിൽ നല്ല കഥകളൊക്കെ എഴുതപ്പെട്ടിട്ടുണ്ട് എന്നാണ് എന്റെ പരിമിതമായ അറിവ്.

സക്കറിയ ഒ. വി. വിജയൻ തലമുറയിലായിരിക്കുമല്ലൊ. അതിനുശേഷം മലയാളത്തിൽ നല്ല കഥകളൊക്കെ…

**വി. എച്ച്. നിഷാദ്:** കരുണാകരന്റെ കഥ വിഷാദത്തിൽ പൊതിഞ്ഞ ഒരു ത്രുവാലയാണെന്ന് തോന്നി. മിനാറും ചന്ദ്രലേഖയും ഭാരതിയുമെല്ലാം ഉള്ളിൽ ഏറെ അനങ്ങിക്കൊണ്ടു് നിൽക്കുന്നു. വ്യത്യസ്തമായ പ്രമേയം. വായന ഒരു അനുഭവമാക്കാൻ കഥാകൃത്തിനു കഴിഞ്ഞു. നന്ദി!

**കരുണാകരൻ:** ഏറ്റവും “പുതിയ തലമുറ”യിലെ ഒരു കഥാകൃത്ത് ഉണ്ടു്, സുരേഷ് പി. തോമസ്—അയാളുടെ കഥകൾ വളരെ ഇഷ്ടമാണ്. തീർച്ചയായും നല്ല കഥകൾ പിന്നെയും ഉണ്ടായി.

**ദാമോദർ പ്രസാദ്:** പില്ക്കാല തലമുറയിൽ മലയാള കഥയുടെ വംശശുദ്ധി നഷ്ടപ്പെടുത്തിയ കുറച്ചു കഥാകാരന്മാരുണ്ടു്.

ഉദാ: ജോണി മിറാൻഡ.

കേരള പാണിനീയം വശമാകാത്തതിന്റെ ഭാഷ പ്രശ്നവുമുണ്ടു്.

**ടി. ആർ. വേണുഗോപാലൻ:** നല്ല കഥ. ഹൃദ്യം. കവറും ചിത്രീകരണവും ഗംഭീരം.

**കെ. സച്ചിദാനന്ദൻ:** മൂന്നു പേരുകൾ ചോദിച്ചാൽ പത്തു പേരുകൾ പറയാൻ പറ്റില്ലല്ലോ. ഉണ്ണിയും സുഭാഷും സന്തോഷ് എച്ചിക്കാനും സന്തോഷ് കുമാറും മുതൽ ഹരീഷും വിനയ് തോമസും ഫ്രാൻസിസ് നൊ റൊണയും വരെ എത്രയോ പേർ. പേരുകളുടെ ചർച്ച അനന്തമാകും. ജനാധിപത്യമാണല്ലോ, പലർക്കും പല ഇഷ്ടങ്ങൾ. കരുണാകരൻ ഒരു ചീത്ത കഥയും എഴുതിക്കണ്ടിട്ടില്ലെന്നു മാത്രം.

എച്ചിക്കാനവും.

**ദാമോദർ പ്രസാദ്:** അങ്ങനെയല്ല. മൂന്നു പേരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ടു്. രണ്ടു പേരു കൂടി പറയാമായിരുന്നു എന്നാണ് മാഷ് എഴുതിയത്. അതാണ് ചോദിച്ചത്. മൂന്നു പേരുടെ തുടർച്ച എന്ന നിലയിൽ റാങ്കിങ്ങ് ക്രമത്തിൽ.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സി വി രാധാകൃഷ്ണൻ:** ഭാഷാ ദീപികയുടെ ഫോൺ പിഡിഎഫ് (എല്ലാ അദ്ധ്യായങ്ങളും) http://books.sayahna.org/ml/pdf/bhashadeepika-p.pdf

ഭാഷാ ദീപികയുടെ വെബ് പിഡിഎഫ് (എല്ലാ അദ്ധ്യായങ്ങളും) http://books.sayahna.org/ml/pdf/bhashadeepika-w.pdf

കെ ദാമോദരന്റെ സമ്പൂർണ്ണകൃതികളുടെ എട്ടാം ഭാഗം ഒറ്റ വെബ് പിഡിഎഫ് ആയും 29 അദ്ധ്യായങ്ങളുടെ പ്രത്യേകം പിഡിഎഫുകളായും ഇവിടെ ലഭ്യമാണ്:

http://www.sayahna.org/?page_id=115

**സി വി രാധാകൃഷ്ണൻ:** സായഹനയെ മറ്റൊരു മാദ്ധ്യമത്തിൽ ടി വി സുനീത പരിചയപ്പെടുത്തുന്നു (പുതിയ കാര്യമൊന്നുമില്ല, എന്നിരിക്കിലും ഇതിന്റെ പ്രവർത്തകർക്ക് പ്രോത്സാഹനം നൽകുന്നതാണ്):

ഇവിടെ മലയാളത്തിൽ ഒരു നിശബ്ദഗംഭീര വിപ്ലവം അരങ്ങേറുകയാണ്. സായാഹ്ന ഫൗണ്ടേഷൻ പകർപ്പവകാശകാലയളവു കഴിഞ്ഞ പുസ്തകങ്ങൾ അല്ലെങ്കിൽ സ്വതന്ത്രപ്രസാധനം ഇഷ്ടപ്പെടുന്ന എഴുത്തുകാരുടെ രചനകൾ എന്നിവ XML പോലുള്ള പാഠസംരക്ഷണത്തിനു പറ്റിയ രൂപങ്ങളിൽ ഭാവിതലമുറയ്ക്കുവേണ്ടി സൂക്ഷിക്കുക, വിവിധ ഡിജിറ്റൽ രൂപങ്ങളിൽ സ്വതന്ത്രലൈസൻസിൽ വായനക്കാർക്കു വിതരണം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ നടത്തുന്ന ഓൺലൈൻ പ്രസാധനം ആണ് അത്. ഇതിനിടെ നിരവധി മികച്ച പുസ്തകങ്ങളും ലേഖനങ്ങളും കാർട്ടൂണുകളും ഈ രീതിയിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. താഴെക്കൊടുത്തിരിക്കുന്ന ലിങ്ക് സന്ദർശിക്കുക:

https://ml.sayahna.org/

ലോക്ക്ഡൗൺ വന്നതോടെ ഫോണിൽ വായിക്കുവാൻ പറ്റുന്ന തരത്തിലുള്ള പിഡിഎഫ് പതിപ്പുകൾ റിലീസ് ചെയ്തു തുടങ്ങി.

ഓഗസ്റ്റ് 2020 വരെ പ്രസിദ്ധീകരിച്ച ഫോൺ പതിപ്പുകളുടെ കാറ്റലോഗ് ഈ കണ്ണിയിൽ: http://books.sayahna.org/ml/pdf/releases-aug-20.pdf

ഒൻപതു് വിഭാഗങ്ങളിലായി 197 ഫോൺ പതിപ്പുകൾ ഓഗസ്റ്റ് 31 വരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വായനക്കാർ ഇതിനെ ആഘോഷപൂർവ്വം സ്വീകരിക്കുന്നു.

1. കഥ, നോവൽ, നാടകം,… (27)
2. ലേഖനം, നിരൂപണം, ജീവചരിത്രം, അഭിമുഖം,… (53)
3. കവിത (22)
4. ഭാഷാശാസ്ത്രം, വ്യാകരണം (9)
5. കല, കാർട്ടൂൺ, കലിഗ്രാഫി (17)
6. പ്രതികരണങ്ങൾ (14)
7. സാഹിത്യവാരഫലം (36)
8. ഐതിഹ്യമാല (13)
9. പലവക (6)

ഇതിനു് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അഭിവാദ്യങ്ങൾ…

ഇരുപതു് വർഷം നീണ്ടുനിന്ന ഭാഷാസാങ്കേതികമേഖലയിലെ പരീക്ഷണങ്ങളുടേയും പരിശ്രമങ്ങളുടേയും ഫലമായാണ് നിങ്ങളുടെ കൈത്തലത്തിൽ ഈ കൃതികളെത്തുന്നതു്. ഗൗരവപൂർണ്ണമായ വായനക്കായുള്ള ഡിജിറ്റൽ പതിപ്പുകൾ മാത്രമല്ലിതു്, മലയാളകൃതികളുടെ ഭാവിയിലേക്കുള്ള കുറ്റമറ്റ സൂക്ഷിപ്പുകൾ കൂടിയാണിതു്. ഹൈപ്പർ വായനയുടെ കാലത്തു് പാരമ്പര്യാധിഷ്ഠിത വായനയെ തിരിച്ചുപിടിക്കാനുള്ള ഒരു ഡിജിറ്റൽ മാതൃകയുമാണിതു്.

ഇതിന്റെ വളർച്ചയിലും വ്യാപനത്തിലും സുഹൃത്തുക്കളുടെ വിപുലമായ പങ്കാളിത്തമുണ്ടാകണം—വായനയിൽ മാത്രമല്ല, സൃഷ്ടികളിലും പങ്കിടലിലും. അർത്ഥപൂർണ്ണമായ നിർദ്ദേശങ്ങളും ആസ്വാദനങ്ങളും പ്രോത്സാഹനങ്ങളുമായി നമുക്ക് ഒപ്പം നിൽക്കാം.

ആശംസകൾ.

**കെ. എച്ച്. ഹുസൈൻ:** നന്ദി, ഡോ. സുനീത.

‘രചന’യുടെ ജന്മദിനം 1999 ജൂലൈ 7 മുതൽ നിങ്ങളും രചനയോടൊപ്പം കൂടി. പിന്നീട് പതിനഞ്ചു വർഷം നീണ്ടുനിന്ന പോരാട്ടത്തിൽ നാം സഹയാത്രികരായി. രചനയുടെ ചരിത്ര പ്രാധാന്യം കണ്ടറിഞ്ഞ വിരലിലെണ്ണാവുന്ന മലയാളം അക്കാദമിഷ്യന്മാരിൽ മുൻനിരയിൽ നിന്നു. രചനയ്ക്കു വേണ്ടി പല വേദികളിലും വീറോടെ വാദിച്ചു…

എത്ര പോരാട്ടങ്ങൾ! എത്ര ഓർമ്മകൾ!

അഞ്ചുവർഷങ്ങൾക്കുമുമ്പ് ‘സായാഹ്ന’യിൽ രചന എത്തിപ്പെട്ടുന്നതോടെ നമ്മുടെ ഒറ്റയാൾ പോരാട്ടങ്ങൾക്ക് ഏതാണ്ട് അറുതിയായി. ഇന്നതു് ആരാലും തോല്പിക്കാനാകാത്തവിധം വിജയത്തിന്റെ പാതയിലാണ്. അതു് നമ്മുടെ വിജയമല്ല, മാതൃഭാഷയുടെ വിജയമാണ്. നിശ്ശബ്ദവിപ്ലവം ഇന്ന് ശബ്ദായമാനമായി മാറിയിരിക്കുന്നു. അതിന്റെ മുഴക്കത്തിൽ നിന്ന് ആർക്കും—അക്കാദമികതയ്ക്കും സ്ഥാപനങ്ങൾക്കും എഴുത്തുകാർക്കും പ്രസാധകർക്കും പുസ്തകങ്ങൾക്കും പത്രങ്ങൾക്കും ഒന്നാം പാഠപുസ്തകത്തിനും ആർക്കും ഇനി രക്ഷപ്പെടാനാകില്ല.

ഇന്നലെ നാം സംസാരിച്ചപ്പോൾ നിങ്ങളുടെ ഫേസ്ബുക്കിനു കിട്ടിയ പ്രതികരണത്തെകുറിച്ച് പറഞ്ഞു. അതിലേറെയും സായാഹ്നയെകുറിച്ച് ആദ്യമായി കേൾക്കുന്നതിനെ കുറിച്ച്, അതിന്റെ ആഹ്ലാദത്തെ കുറിച്ച്, പരിചയപ്പെടുത്തിയതിന്റെ നന്ദി പങ്കുവെച്ചതിനെ കുറിച്ചൊക്കെയായിരുന്നു. നല്ല വാർത്തകൾ പലതും വൈറലാകില്ലല്ലൊ. എങ്കിലും സായാഹ്ന പതുക്കെ പതുക്കെ പടരുകയാണ്. രചനയുടെ നമ്മുടെ കാമ്പയിൻ, തെരുവുപ്രസംഗങ്ങൾ, കലഹങ്ങൾ, വെല്ലുവിളികൾ… എല്ലാം അവസാനിക്കുകയാണ്. മരിക്കുന്നതിനുമുമ്പ് നമ്മുടെ വീറ്റുറ്റ പോരാളിയായിരുന്ന പ്രൊ. പന്മന രാമചന്ദ്രൻ ഹേമചന്ദ്രനോടും എന്നോടും പറഞ്ഞു, “2019 ആകുമ്പോഴേക്കും ഇരുപതു വർഷം തികയുകയല്ലെ? നമുക്ക് രചനയുടെ ഒരു സമാപന സമ്മേളനം നടത്തണം!”

ഇനി അതിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. സുനീത സൂചിപ്പിച്ചതുപോലെ ‘നിശ്ശബ്ദ വിപ്ലവ’ത്തിന് ഔപചാരികതകളുടെ അലങ്കാരങ്ങൾ ആവശ്യമില്ല. മലയിൻകീഴ് വന്ന് സി വി രാധാകൃഷ്ണനെ കാണണമെന്ന് ഞാൻ പല പ്രാവശ്യം ആവശ്യപ്പെട്ടു. അടുത്തുതന്നെ തീർച്ചയായും വരാമെന്ന് സുനീത പ്ലാനും ഇട്ടു. കൊറോണ എല്ലാം മാറ്റിവച്ചിരിക്കുന്നു. ഇന്ന് നമ്മുടെ ജീവിതത്തിൽ മാറ്റിവെക്കാത്ത ഒന്ന് സായാഹ്ന മാത്രമാണ്.

(സെപ്റ്റംബർ 13 മുതൽ 19 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014